OFFICIAL REPORT OF THE VRISCHIGAM MEETING, 1124

Monday, *the* 6th December 1948. / 21st Vrischigam 1124.

The Assembly met in the Assembly Hall, Ernakulam, at 3 p. m. with the Hon'ble President (Mr. L. M. Pylee M. A., B. L.) in the Chair.

Rao Bahadur T. K. Nayar and Messrs.K. Balakrishna Menon, Kodanat Narayanan Nambudiripad, K. Natarajan Chettiar, M. Bhaskara Menon, M. K. Menon and K. T. Achuthan were absent.

1. QUESTIONS AND ANSWERS

(*N. B.*—The numbers in ordinary thin type represent the numbers in the order of receipt of notice.)

FISHING IN PADDY FIELDS—PARTICULARS OF

83. (192) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) നെൽകൃഷി സ്ഥലങ്ങളിൽ മത്സ്യം പിടിക്കുവാൻ അനുവദിക്കുന്നതുമൂലം നെൽകൃഷിക്കു സംഭവിക്കുന്ന നഷ്ടങ്ങളെപ്പറ്റി ഗവണ്മെണ്ടിനറിയാമോ;

(ബി) ഇരിപ്പുനിലങ്ങളിൽ മകരകൊയ്ത്തു നഷ്ടപ്പെടുത്തി മത്സ്യം വാറ്റു നടത്തുന്ന സമ്പ്രദായം നിറുത്തലാക്കുവാൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഇങ്ങിനെ ആക്ഷേപങ്ങൾ ഉണ്ടെങ്കിലും നിയന്ത്രിതമായ ചെമ്മീൻ പിടിത്തം കൊണ്ടു കൃഷിക്കു നഷ്ടം സംഭവിക്കുന്നതായി ഗവണ്മെണ്ടിനറിവില്ല.

(ബി) മകരകൊയ്ത്തു് നഷ്ടപ്പെടുത്തി ഇരിപ്പുനിലങ്ങളിൽനിന്നു ചെമ്മീൻ വാറുവാൻ ഗവണ്മെണ്ടു് അനുവദിക്കാറില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവണ്മെണ്ടു് നിയന്ത്രണത്തിലെ വ്യവസ്ഥകൾ സാധാരണ എന്താണു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നിയന്ത്രണവ്യവസ്ഥകൾ മുഴുവൻ പെട്ടെന്നു പറയുവാൻ സാധിക്കുകയില്ല. എങ്കിലും, കൃഷിയെ സംബന്ധിച്ചിടത്തോളം നിലത്തിൽ വിതയ്ക്കാറാകുന്നതിനു മുമ്പു് നിലം ഉണങ്ങിക്കിട്ടത്തക്കവിധത്തിൽ earlier ആയിട്ടു് മീൻപിടിത്തം നിറുത്തണമെന്നുള്ള നിർബന്ധമുണ്ടു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അങ്ങിനെ വരുമ്പോൾ മകരമാസത്തിലെങ്കിലും ചെമ്മീൻപിടിത്തം നിറുത്തി നിലങ്ങൾ ഉണങ്ങി കൃഷിയിറക്കാനുള്ള സൌകര്യം കിട്ടുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: എന്റെ അന്വേഷണത്തിൽ എല്ലാ സ്ഥലങ്ങളിലും അങ്ങിനെയില്ല. കുംഭം മീനമാസക്കാലങ്ങളിലേയ്ക്കു നിലം ഉണങ്ങി കിട്ടേണ്ടതുള്ളു. എന്നാൽ കുമ്പളങ്ങി മുതലായ ചില സ്ഥലങ്ങളിൽ മകരമാസത്തിൽ നിലങ്ങൾ ഉണങ്ങി കിട്ടുണമെന്നു പറയുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കൃഷി കഴിഞ്ഞാൽ ൪ മാസക്കാലത്തേക്കു് മത്സ്യം പിടിക്കുവാൻ കൊടുക്കാവുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: സാധാരണയായി ഇങ്ങിനെ വഴക്കുകൾ വരുന്നതു് നിലമുടമസ്ഥന്മാർക്കു് മത്സ്യം പിടിക്കാൻ അനുവാദം കൊടുക്കാതിരുന്നതുകൊണ്ടാണു്. അങ്ങിനെ വഴക്കു വരാതിരിക്കാൻവേണ്ടി കൃഷിക്കാർക്കുതന്നെ കൊടുക്കാറാണു പതിവു്.

മിസ്റ്റർ പി. കെ. ഡീവർ: കൃഷിക്കാർക്കു കൊടുക്കാതിരുന്നതിനാലാണു് വഴക്കു വരുന്നതു് എന്നു പറഞ്ഞുവല്ലൊ. എന്നാൽ സാധാരണയായി മത്സ്യം പിടിക്കുവാൻ ലൈസൻസു് കൊടുക്കുന്നതിനു് കൃഷിക്കാരുടെ സമ്മതം വാങ്ങിട്ടു വേണമെന്നു നിർബന്ധമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസു വേണം.

മിസ്റ്റർ എം. ഐ. പോൾ: ഇങ്ങിനെ മത്സ്യം പിടിക്കാൻ അനുവദിക്കുന്നതുകൊണ്ട് പനമ്പുകാട്ട് നിലം ഉണങ്ങാൻ സാധിച്ചിട്ടില്ല എന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പല സ്ഥലങ്ങളിൽനിന്നും ആവലാതി കിട്ടിയിട്ടുണ്ട്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മേടമാസത്തിൽ ചെമ്മീൻ വാറവുണ്ടു എന്നു ആവലാതി കിട്ടിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സൂക്ഷ്മമായി പറയാൻ നോട്ടീസ് വേണം. കൃഷിക്കു നാശം സംഭവിക്കത്തക്കവിധം ചെമ്മീൻ വാറവുണ്ടെന്നു ആവലാതി ചില സ്ഥലങ്ങളിൽനിന്നു കിട്ടിയിട്ടുണ്ട്. എന്നാൽ അങ്ങിനെ മത്സ്യം പിടിക്കാതിരിക്കുവാൻ വേണ്ടത്തക്ക നിർദ്ദേശങ്ങളും ഉദ്യോഗസ്ഥന്മാർക്കു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: ഇതു് ഫിഷറി ഡിപ്പാർട്ടുമെണ്ടിനു് വിട്ടുകൊടുത്താൽ മതിയായിരുന്നുവല്ലൊ; എന്നാൽ ഇങ്ങിനെയുള്ള ആക്ഷേപങ്ങളും ഉണ്ടാകുകയില്ലല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: കൃഷിക്കാരുടെ സമ്മതമില്ലാതെ വാറവു നടത്താൻ സാധിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സാധാരണയായി സമ്മതം വാങ്ങാറുണ്ടു്.

SOUTH INDIAN ENGINEERING WORKS UNION ACTION COMMITTEE—RESOLUTION OF

84. (340.) മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പള്ളുരുത്തി സൌത്തിൻഡ്യൻ എഞ്ചിനീയറിംഗ് വർക്സ് യൂണിയൻ ആക്ഷൻ കമ്മിറ്റി ഫെബ്രുവരി തുലാം മുതൽ-യിൽ യോഗംകൂടി പാസ്സാക്കി ഗവൺമെണ്ടിലേയ്ക്കയച്ച പ്രമേയങ്ങൾ കിട്ടുകയുണ്ടായൊ;

(ബി) ഉണ്ടെങ്കിൽ അവയുടെ കോപ്പി ദയവായി മേശപ്പുറത്തു വെക്കുമോ;

(സി) സൌത്ത് ഇൻഡ്യൻ എഞ്ചിനീയർ വർക്സിൽനിന്നും ഫെ ൫ ൦ ഓളം തൊഴിലാളികളെ യാതൊരു മുന്നറിയിപ്പും കൂടാതെയും "നോട്ടീസ് പെയ്" പോലും കൊടുക്കാതെയും എന്താണ്ടു് ൫ മാസമായി പിരിച്ചുവിട്ടതിനെപ്പറ്റി ഗവൺമെണ്ടിലേക്കു് വല്ല ആവലാതിയും കിട്ടുകയുണ്ടായിട്ടുണ്ടോ;

(ഡി) ഫെ ദിവസത്തെ നോട്ടീസ്സോ നോട്ടീസ്സു് ശമ്പളമൊ കൊടുക്കാതെ തൊഴിലാളികളെ പിരിച്ചു വിട്ടതിനെപ്പറ്റി ഗവൺമെണ്ടു് വല്ല നടപടിയും എടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) അവയുടെ ഒരു പ്രതി മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ആക്ഷേപങ്ങളും കിട്ടിയിട്ടുണ്ടു്. ഫൻ ൨ തൊഴിലാളികളെ ഫൻ ൮ വ ജൂൺ ഫ ൫-ാംനു-യിലാണു് പിരിച്ചുവിട്ടതു്.

(ഡി) നോട്ടീസ്സു ശമ്പളം കൊടുക്കാത്തതിനു കമ്പനിയുടെ മേൽ നടപടി നടത്തിവരുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: സർ, (സി) എന്ന ഉത്തരത്തിൽ ഫൻ൨ തൊഴിലാളികളെ ഫൻ ൮ വ ജൂൺ ഫ ൫-ാംനു- പിരിച്ചുവിട്ടിട്ടുണ്ടു് എന്നു പറയുന്നുണ്ടു്. എന്റെ ചോദ്യത്തിൽ ഫെ ൫ ൦ തൊഴിലാളികളെ പിരിച്ചുവിട്ടതായി പറയുന്നതു് ശരിയല്ലെന്നു കാണിക്കുമാറാണോ അങ്ങിനെ ഒരു വാചകം ചേർത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം തെറ്റാണെന്നു കാണിക്കുന്നതിനേക്കാൾ മറുപടികൊണ്ടുദ്ദേശിക്കുന്നതു് ശരിയായിട്ടുള്ള വിവരം ധരിപ്പിക്കുക എന്നതാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഫൻ ൮ വ ജൂൺ ഫ ൫-ാംനു- പിരിച്ചുവിട്ടപ്പോൾ ഫ ൮ ദിവസത്തെ നോട്ടീസ് കൊടുക്കേണ്ട ആവശ്യമില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണു് Standing Orders-ൽ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly